**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2158**

**17.02.2016-ൽ മറുപടിയ്ക്ക്**

## മെഗാ ഭക്ഷ്യപാർക്കുകൾ

| ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രണ്ട് മെഗാ ഭക്ഷ്യപാർക്കുകൾ ആരംഭിക്കുന്നത് എവിടെയൊക്കെയാണ്; | എ) | ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിലും പാലക്കാട് ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുമാണ് മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത്. |
| ബി) | ഈ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാരിന്റെ നിക്ഷേപം എത്ര രൂപയാണ്; ഇതിൽ കേന്ദ്ര സർക്കാർ നിക്ഷേപം ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | ബി) | കെ.എസ്.ഐ.ഡി.സി വിഭാവനം ചെയ്യുന്ന മെഗാ ഫുഡ് പാർക്കിന്റെ മൊത്തം അടങ്കൽ തുക 129.15 കോടിയാണ്. ഇതിൽ കെ.എസ്.ഐ.ഡി.സിയും സംസ്ഥാന സർക്കാരും ചേർന്ന് 69.15 കോടി രൂപയുടെ നിക്ഷേപം വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് 50 കോടി രൂപ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ബാക്കി 10 കോടി രൂപ ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പയായി സ്വീകരിക്കും. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട്ടുള്ള മെഗാ ഫുഡ് പാർക്കിൽ സംസ്ഥാന സർക്കാരിന്റെ ഭൂമി വില കൂടാതെ നിക്ഷേപം 31 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ നിക്ഷേപം 50 കോടി രൂപയുമാണ്. |
| സി) | ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | സി) | ചേർത്തലയിലെ ഫുഡ് പാർക്കിൽ പ്രത്യക്ഷമായി 3000 പേർക്കും പരോക്ഷമായി 12000 പേർക്കും തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പാലക്കാട്ടുള്ള ഫുഡ് പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 1500 പേർക്ക് പ്രത്യക്ഷമായും 5000 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**